بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുതുബ**

**സംഗ്രഹം**

**23-05-2025**

# മക്കാവിജയത്തിന്റെ പശ്ചാത്തലത്തിൽ തിരുനബിചരിത്രത്തിലെ ഏതാനും സംഭവങ്ങളും ഡോക്ടർ ശൈഖ് മഹ്മൂദ് സാഹിബ് ശഹീദിന്റെ അനുസ്മരണവും

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ○

اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ○

ഒരു മുസൽമാൻ സലാം പറഞ്ഞിട്ടും അദ്ദേഹത്തെ ഒരാൾ വധിച്ച സംഭവം ഞാൻ കഴിഞ്ഞ ഖുതുബയിൽ വിവരിച്ചിരുന്നു. നിങ്ങളോട് ആരെങ്കിലും സലാം ചൊല്ലിയാൽ അയാളോട് നിങ്ങൾ വിശ്വാസിയല്ലെന്ന് പറയരുത് എന്ന് പ്രസ്താവിക്കുന്ന സൂറ: നിസാഇലെ വചനവും ഇതുമായി ബന്ധപ്പെട്ട് ഞാൻ പരായണം ചെയ്തിരുന്നു. അങ്ങനെ ചെയ്യുന്നതിൽ നിന്ന് നബിതിരുമേനി(സ) തടയുക മാത്രമല്ല അവിടുന്ന് അങ്ങേയറ്റം നീരസം പ്രകടിപ്പിക്കുകയും ചെയ്തു എന്നാണ് അതിന്റെ വിശദീകരണത്തിൽ വന്നിട്ടുള്ളത്. ആ വ്യക്തിയെ തന്റെ കൺവെട്ടത്തു നിന്ന് അകറ്റി നിർത്തുകയുണ്ടായി. അദ്ദേഹത്തിനെതിരെ ദുആ ചെയ്തെന്നും ചില നിവേദനങ്ങളിൽ വന്നിട്ടുണ്ട്. അവിടുന്ന് ഇക്കാര്യത്തിൽ വളരെ വ്യസനിച്ചിരുന്നു. ഏതായാലും ഇതിനെ ഹീനമായ കുറ്റമായിട്ടാണ് നബിതിരുമേനി വിശേഷിപ്പിച്ചത്. പാകിസ്താനിലുള്ള ഇന്നത്തെ നാമമാത്രമുല്ലാക്കളുണ്ടല്ലോ -ദീനിന്റെ ഏജന്റുമാർ- അവർ ഇക്കാര്യം മനസ്സിലാക്കി അഹ്മദികളെ ദ്രോഹിക്കുന്നതിൽനിന്ന് പിന്മാറിയിരുന്നെങ്കിൽ! അല്ലാഹുവിന്റെ പിടുത്തത്തിൽനിന്ന് അവർ രക്ഷപ്പെട്ടേനെ.

യുദ്ധനീക്കങ്ങളുടെ വിവരണത്തിൽ ഇനി മക്കാവിജയത്തിനായുള്ള നീക്കത്തെക്കുറിച്ച് പ്രതിപാദിക്കാം. ഹിജ്റ എട്ടിനാണ് ഇത് സംഭവിച്ചത്. ഇത് ഫത്ഹെ അളീം(മഹത്തായ വിജയം) എന്നും അറിയപ്പെടുന്നുണ്ട്. മഹത്തായ ഈ വിജയത്തെ സംബന്ധിച്ച് അല്ലാഹു നബിതിരുമേനി(സ)ക്ക് നേരത്തേ സുവാർത്ത നല്കിയിരുന്നു. തത്ഫലമായി ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്ലാമിൽ പ്രവേശിക്കുകയുണ്ടായി.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)

وَ قُلۡ رَّبِّ اَدۡخِلۡنِیۡ مُدۡخَلَ صِدۡقٍ وَّ اَخۡرِجۡنِیۡ مُخۡرَجَ صِدۡقٍ وَّ اجۡعَلۡ لِّیۡ مِنۡ لَّدُنۡکَ سُلۡطٰنًا نَّصِیۡرًا ﴿۸۱﴾

എന്ന ഖുർആനിക വചനത്തെക്കുറിച്ചുപറയുന്നു: നബിതിരുമേനി(സ)ക്ക് ഹിജ്റയ്ക്ക് മുമ്പ് അവതരിച്ച സൂറഃ ബനീ ഇസ്രായീലിലെ ഈ വചനത്തിൽ ഹിജ്റത്തിനെക്കുറിച്ചും പിന്നീട് മക്കയുടെ വിജയത്തെക്കുറിച്ചും സുവാർത്ത നല്കപ്പെട്ടിരുന്നു. സൂറഃ ഫത്ഹിൽ മക്കയുടെ വിജയത്തെക്കുറിച്ച് ഇങ്ങനെയാണ് വിവരിക്കുന്നത്:

لَقَدۡ رَضِیَ اللّٰہُ عَنِ الۡمُؤۡمِنِیۡنَ اِذۡ یُبَایِعُوۡنَکَ تَحۡتَ الشَّجَرَۃِ فَعَلِمَ مَا فِیۡ قُلُوۡبِہِمۡ فَاَنۡزَلَ السَّکِیۡنَۃَ عَلَیۡہِمۡ وَ اَثَابَہُمۡ فَتۡحًا قَرِیۡبًا ﴿۱۹﴾

ആ വൃക്ഷച്ചുവട്ടിൽവച്ച് സത്യവിശ്വാസികൾ നിന്നോട് അനുസരണപ്രതിജ്ഞ ചെയ്യുകയുണ്ടായപ്പോൾ അല്ലാഹു അവരെക്കുറിച്ച് പൂർണമായും തൃപ്തിപ്പെട്ടിരിക്കുന്നു. അപ്പോൾ, അവരുടെഹൃദയങ്ങളിലുള്ളത് അല്ലാഹുഅറിഞ്ഞു. അങ്ങനെ അല്ലാഹു അവർക്ക് മനഃസമാധാനം ഇറക്കിക്കൊടുത്തു. അവർക്ക് ആസന്നമായൊരു വിജയം പ്രതിഫലമായി നല്കുകയും ചെയ്തു.(വിശുദ്ധ ഖുർആൻ 48:19)

നബിതിരുമേനി (സ) മക്കയിൽ നിന്ന് പലായനം ചെയ്ത ദിവസം തന്നെ, അല്ലാഹു അദ്ദേഹത്തിന് മക്കാവിജയം

സംബന്ധിച്ച് സന്തോഷവാർത്ത നല്കിയിരുന്നു എന്ന താണ് യാഥാർഥ്യം. ഹിജ്റ വേളയിൽ

اِنَّ الَّذِيْ فَرَضَ عَلَيْكَ الْقُرْاٰنَ لَرَآدُّكَ اِلٰى مَعَادٍ ؕ

അതായത് തീർച്ചയായും ഖുർആൻ നിനക്ക് നിർബ ന്ധമാക്കിയവൻ, നിന്നെ ഒരു ദിവസം നിന്റെ മടങ്ങിപ്പോ കേണ്ട സ്ഥലത്തേക്ക് തിരികെ കൊണ്ടുവരും (ഖസസ്:86) എന്ന ഈ സൂക്തവും അവതരിച്ചതായി പരാമർശമുണ്ട്: ഈ സൂക്തത്തിൽ ''മടങ്ങിപ്പോകേണ്ട സ്ഥലം'' എന്നതു കൊണ്ട്ഉദ്ദേശിക്കുന്നത്മക്കയാണ്എന്ന്ഇമാംഫഖ്റുദ്ദീൻ റാസി പറയുന്നു.

സൂറഃ ബഖറയിൽ ഒരിടത്ത് അല്ലാഹു പറയുന്നു:

وَ مِنْ حَيْثُ خَرَجْتَ فَوَلِّ وَجْهَكَ شَطْرَ الْمَسْجِدِ الْحَرَامِ ؕ

ഇതിനർത്ഥം ഇപ്രകാരമാണ്:(മുസ്ലീങ്ങളേ) നിങ്ങളുടെ ഒരേയൊരു ലക്ഷ്യം കഅ്ബയെ കീഴടക്കി ഇസ്ലാമിന്റെ കേന്ദ്രമാക്കി മാറ്റുക എന്നതാണ്. എന്തെന്നാൽ, മക്കയിൽ ഇസ്ലാം വ്യാപിക്കുകയും മക്ക മുസ്ലീ ങ്ങൾക്ക് കീഴടങ്ങുകയും ചെയ്യുന്നതുവരെ അറേബ്യ മുഴുവൻ മുസ്ലിമാവുകയില്ല. ഇതായിരുന്നു മുസ്ലീ ങ്ങൾക്ക് നിശ്ചയിച്ച പരിപാടി,

അതിനുശേഷം ഹുസൂർ തിരുമനസ്സ് ഒരു ശഹീദിനെക്കു റിച്ച് വിശദമായി വിവരിച്ചു കൊണ്ട് പറഞ്ഞു:

ഇനി ഞാൻ ഒരു ശഹീദിനെ അനുസ്മരിക്കുകയാണ് സർഗോദയിലെ ബഹുമാന്യ ഡോ. ഷെയ്ഖ് മുഹമ്മദ് മഹ്മൂദ് സാഹിബ്. ഷെയ്ഖ് മുബഷിർ അഹ്മദ് സാഹിബ് ദെഹ്‌ലവിയുടെ പുത്രനാണ് അദ്ദേഹം. അഹ്മദിയ്യ ത്തിന്റെ ഒരു ശത്രു മെയ് 16-ന് അദ്ദേഹത്തെ വെടിവെച്ച് ശഹീദാക്കുകയായിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

സംഭവം നടന്ന ദിവസം ഡോക്ടർ സാഹിബ് ജുമുഅ നമസ്കാരം നിർവഹിച്ച ശേഷം കുടുംബത്തോടൊപ്പം താൻ പ്രാക്ടീസ് ചെയ്തിരുന്ന സർഗോദയിലെ ഫാത്തിമ ഹോസ്പിറ്റലിൽ എത്തിച്ചേർന്നപ്പോൾ തന്റെ മുറിയിലേക്കു കയറുന്ന വഴിയിൽ നേരത്തെ ഉണ്ടാ യിരുന്ന ഒരു അജ്ഞാതൻ ഒരു ഷോപ്പിംഗ് ബാഗിൽ നിന്ന് പിസ്റ്റൾ എടുത്ത് പിന്നിൽ നിന്ന് വെടിയുതിർത്തു. ഉടൻതന്നെ ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയെങ്കിലും പരിക്കുകളുടെ ആഘാതം താങ്ങാനാവാതെ ഡോക്ടർ സാഹിബ് ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

സംഭവത്തിന് ശേഷം അക്രമി ആയുധം ചുഴറ്റി ഹോസ് പിറ്റലിന് പുറത്ത് കാത്തുനിന്ന കൂട്ടാളിയോടൊപ്പം മോട്ടോർസൈക്കിളിൽ കടന്നുകളഞ്ഞു. ശഹാദത്ത് വരിക്കുമ്പോൾ അദ്ദേഹത്തിന് അമ്പത്തൊമ്പത് വയസ്സായിരുന്നു. ശഹീദ് മർഹൂമിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് പ്രചരിച്ചത് അദ്ദേഹത്തിന്റെ മുതുമു ത്തച്ഛനായ ബഹുമാന്യ ബാബു ഇജാസ് ഹുസൈൻ സാഹിബിന്റെ സഹോദരൻ, ഹദ്റത്ത് സർഫറാസ് ഹുസൈൻ സാഹിബ് ദഹ്‌ലവി (റളിയല്ലാഹു അൻഹു) വഴിയായിരുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബൈഅത്ത് ചെയ്തു. പിന്നീട് ശഹീദ് മർഹൂമിന്റെ മുതുമുത്തച്ഛനായ ബഹുമാന്യ ബാബു ഇജാസ് ഹുസൈൻ സാഹിബ് ദെഹ്‌ലവി തന്റെ സഹോദരൻ വഴി ബൈഅത്ത് ചെയ്തു.

ശഹീദ് മർഹൂം ലാഹോറിലെ എഫ്.സി. കോളേജിൽ നിന്ന് എഫ്.എസ്.സി. പൂർത്തിയാക്കി, പിന്നീട് റാവൽ പിണ്ടി മെഡിക്കൽ കോളേജിൽ ചേർന്ന് 1990-ൽ എം.ബി.ബി.എസ്. ബിരുദം നേടി. അതിനുശേഷം പഞ്ചാബ് പബ്ലിക് സർവീസ് കമ്മീഷൻ പരീക്ഷ പാസായി. നാലു വർഷം സർവീസ് ഹോസ്പിറ്റലിലും ജിന്ന ഹോസ്പിറ്റൽ ലാഹോറിലും ജോലി ചെയ്തു. 1998-ൽ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് യു.കെ.യുടെ അംഗത്വവും 2021-ൽ ഫെലോഷിപ്പും ലഭിച്ചു.

ശഹീദ് മർഹൂം 2001-ൽ സർഗോദയിലേക്ക് താമസം മാറ്റി. സർഗോദ ജില്ലയിലെ ആദ്യത്തെ കരൾ-ദഹനരോഗ വിദഗ്ദ്ധനായിരുന്നു അദ്ദേഹം. 2001-ൽ സർഗോദയി ലേക്ക് മാറിയത് മുതൽ റബ്വയിലെ ഫസ്ലെ ഉമർ ഹോസ്പിറ്റലിൽ വിസിറ്റിംഗ് ഡോക്ടറായി കൃത്യമായി സേവനം ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കൈകളിൽ രോഗശാന്തി വച്ചിരുന്നു. ഭൗതികമായ അറിവിനു പുറമെ, മതപരമായ അറിവും അദ്ദേഹത്തി നുണ്ടായിരുന്നു. വിശുദ്ധ ഖുർആൻ വ്യാഖ്യാനം, തദ് കിറ, റൂഹാനി ഖസായിൻ, മറ്റ് ജമാഅത്ത് പുസ്ത കങ്ങൾ, തർക്ക വിഷയങ്ങളെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ എന്നിവ് അദ്ദേഹം ആഴത്തിൽ പഠിച്ചിരുന്നു. ശഹീദ് മർഹൂമിന് സർഗോദ ജില്ലയുടെ നായിബ് അമീറായി സേവനം ചെയ്യാനും അവസരം ലഭിച്ചു. മെഡിക്കൽ അസോസിയേഷൻ സ്ഥാപിച്ചതു തൊട്ട് അതിന്റെ അംഗമായിരുന്നു. 2024-മുതൽ അസോസിയേഷന്റെ നായിബ് സദർ ആയിരുന്നു. കൂടാതെ സർഗോദ ചാപ്റ്ററിന്റെ പ്രസിഡന്റും ആയിരുന്നു അദ്ദേഹം. കഴിഞ്ഞ മൂന്നു വർഷമായി അദ്ദേഹത്തിന് കാൻസർ രോഗമുണ്ടായിരുന്നിട്ടും, സ്വന്തം രോഗത്തേക്കാൾ മറ്റുള്ള വരുടെ രോഗത്തിന് അദ്ദേഹം പ്രാധാന്യം നൽകി, എപ്പോഴും സേവനത്തിനായി തയ്യാറായിരുന്നു. രോഗി കളോടുള്ള സഹാനുഭൂതിയും സ്നേഹവും, ദരിദ്രർക്ക് സൗജന്യ ചികിത്സയും അദ്ദേഹത്തിന്റെ പ്രധാന ഗുണങ്ങളായിരുന്നു. ആവശ്യക്കാരായ രോഗികൾക്ക് സൗജന്യചികിത്സ മാത്രമല്ല മടങ്ങിപ്പോകാനുള്ള യാത്രാക്കൂലിയും നൽകിയിരുന്നു, ചില പരിശോധന കൾ സൗജന്യമായി നടത്തി അതിന്റെ പണം നൽകി യിരുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിവാഹങ്ങൾ നടത്തിക്കൊടുക്കാൻ ശ്രമിച്ചിരുന്നു.

ശഹീദ് മർഹൂമിന്റെ മാതാവ്, ബഹുമാന്യ അമ്മത്തുൽ ഹയ്യ് സാഹിബ പറയുന്നു: 'മർഹൂം മാതാപിതാക്കളെ വളരെ ബഹുമാനിച്ചിരുന്നു. കുട്ടിക്കാലം മുതൽക്കേ എണ്ണമറ്റ സവിശേഷതകൾക്ക് ഉടമയായിരുന്നു. സ്വന്തം ജോലിയിൽ ഉത്തരവാദിത്വം കാണിച്ചിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ സ്നേഹമായിരുന്നു. സാമ്പത്തിക ഇടപാടുകളിൽ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിരുന്നു. കുടുംബത്തിലെ എല്ലാവരെയും ഒരുമിച്ച് നിർത്തിയിരുന്നു.'

അദ്ദേഹത്തിന്റെ ഭാര്യ, നൂർ സാഹിബ, പറയുന്നു: കുട്ടികളെ എപ്പോഴും ജമാഅത്ത് വ്യവസ്ഥയുമായി ബന്ധിപ്പിക്കാൻ ഉപദേശിക്കുമായിരുന്നു. പതിവായി ഖുത്ബകൾ കേൾക്കുകയും പ്രധാനപ്പെട്ട കാര്യങ്ങൾ ഡയറിയിൽ കുറിക്കുകയും ചെയ്തിരുന്നു. ചന്ദകൾ അടയ്ക്കുന്നതിലും മാതൃകയായിരുന്നു. ശഹാദത്ത് വരിക്കുമ്പോൾ 2025-ലെ വസിയത്ത് ചന്ദയടക്കമുള്ള എല്ലാ കണക്കുകളും തീർത്തിരുന്നു.'

അദ്ദേഹത്തിന്റെ മകൾ സായിമ പറയുന്നു: ' അങ്ങേയറ്റം സ്നേഹിച്ചിരുന്ന പിതാവ് എന്റെ വിവാഹസമയത്ത് ഒരു ഉപദേശം നൽകിയിരുന്നു: 'മോളെ, നിന്റെ ഭർതൃവീട്ടിൽ പോയാൽ എപ്പോഴും ജമാഅത്ത് വ്യവസ്ഥയുമായി ചേർന്ന് നിൽക്കുക. എപ്പോഴെങ്കിലും ജമാഅത്ത് സേവനം ചെയ്യാനുള്ള അവസരം ലഭിച്ചാൽ ഒരിക്കലും നിരസിക്കരുത്.'

അദ്ദേഹത്തിന്റെ ഒരു മരുമകൾ പറയുന്നു:' അല്ലാഹുവിൽ തവക്കുൽ ചെയ്യുന്ന കാര്യത്തിൽ അദ്ദേഹം വളരെയധികം ഊന്നൽ നല്കിയിരുന്നു. ഏതൊരു കാര്യത്തിലും മാർഗനിർദ്ദേശം ചോദിക്കുമ്പോൾ അദ്ദേഹം പ്രാർഥനയോടെ സംസാരിച്ചു തുടങ്ങുകയും പ്രാർഥനയോടെ അവസാനിപ്പിക്കുകയും ചെയ്യുമായിരുന്നു.'

അദ്ദേഹത്തിന്റെ സഹോദരി പറയുന്നു: 'ജമാഅത്തിനോട് കാണിക്കുന്ന ശത്രുതാമനോഭാവത്തെക്കുറിച്ച് അദ്ദേഹം വളരെയധികം ദുഃഖിതനായിരുന്നു. രാത്രി എഴുന്നേറ്റ് നഫൽ നമസ്കരിക്കുന്നതും തഹജ്ജുദ് നമസ്കരിക്കുന്നതും പതിവായിരുന്നു.'

സർഗോദ ജില്ലാ അമീർ ഖാലിദ് മഹ്മൂദ് സാഹിബ് പറയുന്നു: ജനങ്ങൾക്ക് ഉപകാരം എത്തിക്കുന്നത് കൂടാതെ വിനയവും എളിമയും അദ്ദേഹത്തിന്റെ പ്രധാന ഗുണങ്ങളായിരുന്നു. ജമാഅത്ത് ഭാരവാഹികളെ അദ്ദേഹം വളരെയധികം ബഹുമാനിച്ചിരുന്നു.'

സർഗോദയിലെ മുറബ്ബി സിൽസിലയായ സുബൈർ സാഹിബ് പറയുന്നു: 'ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടവനും മനുഷ്യത്വത്തിന്റെ സേവകനും സ്ഹേത്തിന്റെയും ദയയുടെയും പ്രതീകവും ലക്ഷക്കണക്കിന് ആളുകളുടെ രക്ഷകനും സാക്ഷാൽ മാലാഖയുമായ ഒരു മനുഷ്യൻ ഞങ്ങളെ വിട്ടുപിരിഞ്ഞു. ശഹീദ് മർഹൂം ഒരു ദർവേശ് ആയിരുന്നു. ജീവിതത്തിന്റെ എല്ലാ വശങ്ങളും മാതൃകാപരമായിരുന്നു. '

എതിരാളികൾ അദ്ദേഹത്തിനെതിരെ ജില്ലയിലുടനീളം ലഘുലേഖകൾ വിതരണം ചെയ്തിരുന്നു. എതിരാളികൾ അഹ്മദികളുടെ ഒരു ലിസ്റ്റ് ഉണ്ടാക്കിയിരുന്നു, അതിൽ ടാർഗറ്റ് ചെയ്യേണ്ട അഹ്മദി ഡോക്ടർമാരുടെ കൂട്ടത്തിൽ ഡോക്ടർ സാഹിബിന്റെ പേര് ഒന്നാമതായിരുന്നു. അക്രം തൂഫാനി എന്ന മൗലവി അദ്ദേഹത്തെ വധിക്കണമെന്ന ഫത്വ പുറപ്പെടുവിക്കുകയും അത് വിതരണം ചെയ്യുകയും ചെയ്തിരുന്നു, പക്ഷേ സർക്കാർ ഒരു നടപടിയും എടുത്തില്ല.

അല്ലാഹു ഉടൻ തന്നെ അവർക്ക് ശിക്ഷ നല്കാനുള്ള ഏർപ്പാട് ചെയ്യുമാറാകട്ടെ. രാജ്യത്തെ രക്ഷിക്കാൻ ഇവരിൽനിന്ന് മോചനം ലഭിക്കേണ്ടത് അത്യാവശ്യമാണ്, കാരണം മതത്തിന്റെ പേരിൽ ഭീകരവാദം നടത്തുന്ന ഈ നാമമാത്ര മതവക്താക്കൾ യഥാർത്ഥത്തിൽ രാജ്യത്തെ നശിപ്പിക്കാൻ തുനിഞ്ഞിരിക്കുകയാണ്. എന്തായാലും നമ്മുടെ പ്രാർഥനകൾ അല്ലാഹുവിനോടാണ്, അവന്റെ കടമകൾ പൂർണ്ണമായി നിറവേറ്റാൻ നാം ശ്രമിക്കണം. രക്തസാക്ഷിയായ ഡോക്ടറുടെ പദവികൾ അല്ലാഹു ഉയർത്തുകയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് ക്ഷമയും ധൈര്യവും നല്കുകയും ചെയ്യട്ടെ. അദ്ദേഹത്തിന്റെ മാതാവും വാർദ്ധക്യദശയിലാണ്. അവരുടെ ദുഃഖവും ലഘൂകരിക്കട്ടെ. അദ്ദേഹത്തിന്റെ ഭാര്യയെയും കുട്ടികളെയും അല്ലാഹു തന്റെ സംരക്ഷണത്തിൽ കാത്തുരക്ഷിക്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِيَ لَهُ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَ رَسُوْلُهُ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 23.05.2025
MALAYALAM TRANSLATION BY BM ARIF MOHAMMED SHAHID
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516